പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2137 04.11.2019-ൽ മറുപടിക്ക്

**ആലത്തൂർ താലൂക്കാസ്ഥാനാശുപത്രിക്ക് ഡയാലിസിസ് സെന്റർ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ** | **കെ.കെ. ശൈലജ ടീച്ചർ**<br>( ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആലത്തൂർ താലൂക്കാസ്ഥാന ആശുപത്രിക്ക് ഡയാലിസിസ് സെന്റർ അനുവദിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | (ബി) | പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഡയാലിസിസ് കേന്ദ്രം കേരളാ ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റി മുഖാന്തിരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പണി പൂർത്തിയാക്കി ആവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്ത് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ സെന്ററിന്റെ പ്രവർത്തനം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; സെന്റർ എന്നുമുതൽ പ്രവർത്തനക്ഷമമാകും എന്നറിയിക്കാമോ? | (സി) | ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിന് പ്രതിദിനം 15000 ലിറ്ററോളം ജലം ആവശ്യമാണ്. ഗ്രാമപഞ്ചായത്തിൽ നിന്നും ഒരു കുഴൽകിണർ പൂർത്തിയാക്കി നൽകുകയും കുടിവെള്ള കണക്ഷൻ അനുവദിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഇതിലൂടെ ലഭിക്കുന്ന ജലം ഡയാലിസിസ് സെന്റർ പ്രവർത്തിപ്പിക്കുവാൻ പര്യാപ്തമാകില്ല. ജലലഭ്യത ഉറപ്പുവരുത്തിയശേഷം ഡയാലിസിസ് സെന്റർ പ്രവർത്തനം ആരംഭിക്കും. |

സെക്ഷൻ ഓഫീസർ